**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 183** **27-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റത്തിനുള്ള പാട്ടം നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ വ്യാവസായിക നിക്ഷേപങ്ങൾക്ക് അനുകൂല ഇടമായി സംസ്ഥാനത്തെ മാറ്റിയെടുക്കുന്നതിനായി വിവിധ ഏജൻസികൾക്ക് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റം അനായാസമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (എ) | വ്യവസായ വകുപ്പിനു കീഴിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ വ്യവസായ എസ്റ്റേറ്റുകളിലെയും പാർക്കുകളിലെയും ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ നിലവിൽ 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. |
| (ബി) | വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റത്തിനുള്ള പാട്ടം നയത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; | (ബി) | വ്യവസായ വകുപ്പിനു കീഴിലെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ വ്യവസായ എസ്റ്റേറ്റുകളിലെയും പാർക്കുകളിലെയും ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനങ്ങളായ സിഡ്കോ, കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവ നിലവിൽ 30 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. |
| (സി) | ഭൂമി ആവശ്യപ്പെടുന്നവർക്ക് ഉടൻ തന്നെ ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചയുണ്ടാകില്ല എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള | (സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും/ പ്ലോട്ടുകളിലും വ്യവസായ ഭൂമിയ്ക്കായി ഓൺലൈനായി |

| | | | |
|---|---|---|---|
| | വ്യവസ്ഥകൾ പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | | ലഭിക്കുന്ന അപേക്ഷകൾ ജില്ലാ/സംസ്ഥാന ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി അംഗീകാരം നൽകുന്ന മുറയ്ക്ക് അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇന്റർവ്യൂ നടത്തി വർഷാവർഷം തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ ഭൂമി അനുവദിച്ചു നൽകുന്നത്. സംരംഭകർക്ക് സമയബന്ധിതമായി ഭൂമി അലോട്ട് ചെയ്യുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. നിശ്ചിത ദിവസങ്ങൾക്കുള്ളിൽ അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കണം എന്ന വ്യവസ്ഥയും പുതിയ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ പാട്ടത്തിനെടുക്കുന്ന ഭൂമി ഈട് വെയ്ക്കാൻ അവകാശം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | പാട്ട വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നതിന് 2013 മുതൽ നിലവിലുണ്ടായിരുന്ന ചട്ട പ്രകാരം വ്യവസായ ഭൂമി ഈടു വയ്ക്കുന്നതിന് അനുമതി നൽകിയിരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, സിഡ്കോ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലും സംരംഭകർക്ക് വായ്പയ്ക്കായി ഈട് നൽകുന്നതിന് അനുമതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ